**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6790** **11-07-2024 - ൽ മറുപടിയ്ക്ക്**

**കുമരംപുത്തൂർ പഞ്ചായത്തിലെ ടൂറിസം പദ്ധതിയ്ക്ക് റവന്യൂ ഭൂമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കുമരംപുത്തൂർ പഞ്ചായത്തിലെ പാത്രക്കടവ് കുരുത്തിച്ചാൽ പ്രദേശത്ത് ടൂറിസം വകുപ്പ് നിർദ്ദേശിച്ച പദ്ധതിക്ക് റവന്യൂ ഭൂമി കൈമാറുന്നതിനുള്ള (ഫയൽ നം. എൽ1/50/2024/റവ) നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | മണ്ണാർക്കാട് താലൂക്കിൽ പയ്യനെടം വില്ലേജ് ബ്ലോക്ക് 1 സർവ്വെ നം. 1/1A ൽപ്പെട്ടതും ശ്രീമതി.ദേവത്താളിൽ നിന്നും മിച്ചഭൂമിയായി ഏറ്റെടുത്തിട്ടുള്ളതുമായ 1.50 ഏക്കർ ഭൂമി കുരുത്തിച്ചാൽ ടൂറിസം വികസന പദ്ധതി നടപ്പിലാക്കുന്നതിനായി പ്രസ്തുത വകുപ്പിന് കൈമാറി നൽകുന്നതിനായി ലാൻഡ് റവന്യൂ കമ്മീഷണറുടെ ശുപാർശയുടെ അടിസ്ഥാനത്തിലുള്ള L1/50/2024/ റവ നമ്പർ ഫയലിൽ പരിശോധിച്ചു വരുകയാണ്. ആയതിൽ, ഭൂമി കൈമാറ്റത്തിന് അപേക്ഷ സമർപ്പിച്ചിട്ടുള്ളത് ഡി.റ്റി.പി.സി. സെക്രട്ടറി ആയതിനാൽ, ടി അർത്ഥനയുടെ അടിസ്ഥാനത്തിൽ ടൂറിസം വകുപ്പിന് ഭൂമിയുടെ ഉപയോഗാനുമതി നൽകുവാൻ സാധിക്കുമോ എന്ന് വ്യക്തമാക്കുവാനും, മറിച്ച് ഭൂമി പാട്ടത്തിനാണ് നൽകേണ്ടതെങ്കിൽ വ്യക്തമായ പ്രൊപ്പോസൽ പാട്ടതുക ഉൾപ്പെടെയുള്ള വിവരങ്ങൾ ലഭ്യമാക്കുവാനും ലാൻഡ് റവന്യൂ കമ്മീഷണറോട് ആവിശ്യപ്പെട്ടിരിക്കുകയാണ്. ആയത് ലഭ്യമാകുന്ന മുറക്ക് നടപടി സ്വീകരിക്കാവുന്നതാണ്. |
| (ബി) | പ്രസ്തുത ഫയലിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ? | (ബി) | മണ്ണാർക്കാട് താലൂക്കിൽ പയ്യനെടം വില്ലേജ് ബ്ലോക്ക് 1 സർവ്വെ നം. 1/1A ൽപ്പെട്ടതും ശ്രീമതി.ദേവത്താളിൽ നിന്നും മിച്ചഭൂമിയായി ഏറ്റെടുത്തിട്ടുള്ളതുമായ 1.50 ഏക്കർ ഭൂമി കുരുത്തിച്ചാൽ ടൂറിസം വികസന പദ്ധതി നടപ്പിലാക്കുന്നതിനായി പ്രസ്തുത വകുപ്പിന് കൈമാറി നൽകുന്നതിനായി ലാൻഡ് റവന്യൂ കമ്മീഷണറുടെ ശുപാർശയുടെ അടിസ്ഥാനത്തിലുള്ള L1/50/2024/ റവ നമ്പർ ഫയലിൽ പരിശോധിച്ചു വരുകയാണ്. ആയതിൽ ഭൂമി കൈമാറ്റത്തിന് അപേക്ഷ സമർപ്പിച്ചിട്ടുള്ളത് ഡി.റ്റി.പി.സി. സെക്രട്ടറി ആയതിനാൽ, ടി അർത്ഥനയുടെ അടിസ്ഥാനത്തിൽ ടൂറിസം വകുപ്പിന് ഭൂമിയുടെ ഉപയോഗാനുമതി നൽകുവാൻ സാധിക്കുമോ എന്ന് വ്യക്തമാക്കുവാനും, മറിച്ച് ഭൂമി പാട്ടത്തിനാണ് നൽകേണ്ടതെങ്കിൽ വ്യക്തമായ പ്രൊപ്പോസൽ പാട്ടതുക ഉൾപ്പെടെയുള്ള |

| | | | |
|---|---|---|---|
| | | | വിവരങ്ങൾ ലഭ്യമാക്കുവാനും ലാൻഡ് റവന്യൂ കമ്മീഷണറോട് ആവിശ്യപ്പെട്ടിരിക്കുകയാണ്. ആയത് ലഭ്യമാകുന്ന മുറക്ക് നടപടി സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ